Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 ജനുവരി 2017

Volume No.3 • Issue No. 1 • Pages 8 • Price: INR 10/- • Published From Pathanamthitta

## ചെറുവക്കൽ കൺവൻഷൻ സമാപിച്ചു




*പാസ്റ്റർ ജോൺസൺ ഡാനിയേൽ 24-ാമത് ചെറുവക്കൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.*

ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് സെമിനാരിയുടെയും നേതൃത്വത്തിൽ നടന്ന 24-ാം ചെറുവക്കൽ കൺവൻഷൻ സമാപിച്ചു. ഡിസംബർ 18 - ാം തീയതി സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ. ജെ. തോമസ്, പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഒ. എം. രാജുകുട്ടി, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ എം. എ. ജോൺ എന്നിവർ പ്രസംഗിച്ചു. 24-ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ 53 വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനത്തിൽ എ. ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. വി. റ്റി. എബ്രഹാം അനുഗ്രഹ പ്രഭാഷണം നടത്തി. ഗ്രാഡുവേഷനോടനുബന്ധിച്ച് 100 സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം. തയ്യൽ മെഷീൻ വിതരണം എന്നിവ നടത്തപ്പെട്ടു. ഞായറാഴ്ച രാവിലെ 8 മണി മുതൽ 60 സഭകളുടെ സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺ റിച്ചാർഡ് കത്തൃമേശയ്ക്ക് നേതൃത്വം നൽകുകയും പാസ്റ്റർ എം. എ. ജോൺ മുഖ്യസന്ദേശം നൽകുകയും ചെയ്തു. ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. വിദേശത്ത് നിന്നും സ്വദേശത്ത് നിന്നും ആയിരങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു. ദൈവഹിതമെങ്കിൽ 25-ാമത് ചെറുവക്കൽ കൺവൻഷൻ 2017 ഡിസംബർ 24 മുതൽ 31 വരെ സിൽവർ ജൂബിലിയായി നടത്തുവാൻ ആഗ്രഹിക്കുന്നു.

## മോചനം വൈകുന്നത് ഇന്ത്യക്കാരനായതിനാൽ: ഫാദർ ടോം ഉഴുന്നാലിൽ



കോട്ടയം: യെമനിൽ നിന്ന് ഐ.എസ് ഭീകരർ തട്ടിക്കൊണ്ട് പോയ ഫാ. ടോം ഉഴുന്നാലിന്റെ പുതിയ വീഡിയോ പുറത്ത്. ഐ.എസ് തടങ്കലിൽ നിന്ന് സഹായം അഭ്യർത്ഥിച്ച് ഫാ. ടോം സംസാരിക്കുന്നതിന്റെ വീഡിയോ പുറത്ത് വന്നു. ഈ വർഷം മാർച്ച് 4ന് ആണ് ഫാ. ടോമിനെ ഐ.എസ് ഭീകരർ തട്ടിക്കൊണ്ട് പോയത്. ഇത്രയും മാസങ്ങൾ പിന്നിട്ടിട്ടും തന്റെ മോചനത്തിനായി അധികാരികൾ ഒന്നും ചെയ്തിട്ടില്ലെന്ന് ഫാ. ടോം പറഞ്ഞു. കേന്ദ്രർക്കാർ ഇടപെട്ടുവെന്ന് അവകാശപ്പെടുമ്പോഴും തന്റെ മോചനം നീളുകയാണ്. താൻ ഇന്ത്യക്കാരനായത് കൊണ്ടാണോ മോചനം വൈകുന്നതെന്നും അദ്ദേഹം ചോദിച്ചു. കത്തോലിക്ക സഭയുടെ പരമാധ്യക്ഷൻ പോപ്പ് ഫ്രാൻസിസിന്റെ ഭാഗത്ത് നിന്നു പോലും കൃത്യമായ ഇടപെടൽ ഉണ്ടായില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇസ്ലാമിക് സ്റ്റേറ്റ് തട്ടിക്കൊണ്ട് പോയ ഫ്രഞ്ച് പത്രപ്രവർത്തകനോറാനെ ഫ്രഞ്ച് സർക്കാരും യൂറോപ്യൻ യൂണിയനും ചേർന്ന് മോചിപ്പിച്ചു. എന്നാൽ ഇന്ത്യക്കാരനായതിനാൽ തന്റെ മോചനം വൈകുകയാണ്. താനൊരു യൂറോപ്യൻ ആയിരുന്നെങ്കിൽ ഇതിനകം തന്റെ മോചനം സാധ്യമാകുമായിരുന്നെന്നും ഫാ. ടോം പറഞ്ഞു.

## നിത്യതയിൽ



കുന്നത്തൂർ തുരുത്തിക്കര മരുതിനാംവിളയിൽ കുഞ്ഞപ്പി ചാക്കോ (98) ഡിസംബർ 21 ബുധനാഴ്ച പ്രാദേശിക സമയം വൈകിട്ട് ഡാളസിൽ വെച്ച് തന്റെ മകന്റെ വസതിയിൽ വെച്ച് കർതൃസന്നിധിയിൽ പ്രവേശിച്ചു. വാർദ്ധക്യ സഹജമായ രോഗത്താൽ ക്ഷീണാവസ്ഥയിലായിരുന്ന പിതാവ് കുടുംബാംഗങ്ങളുടേയും, സഭാവിശ്വാസികളുടേയും പ്രാർത്ഥനാമദ്ധ്യേ ആണു നിത്യതയിൽ കരേറിപ്പോയത്. ഒരു പുരുഷായുസ്സു മുഴുവൻ പെന്തക്കോസ്ത് സത്യങ്ങൾക്കു വേണ്ടി നിന്ന പിതാവ് കുന്നത്തൂർ പ്രദേശത്ത് പെന്തക്കോസ്ത് സത്യങ്ങളുടെ ആദ്യഫലമായി വേർതിരിക്കപ്പെട്ട വിശ്വാസിയായിരുന്നു. കല്ലട തരകൻപറമ്പിൽ കുടുംബാംഗമായ കുഞ്ഞമ്മയാണു ഭാര്യ. ദക്ഷിണേന്ത്യ ദൈവസഭ മുൻ ദേശീയ അദ്ധ്യക്ഷൻ ഡോ. ജോർജ്ജ് തരകൻ ഭാര്യാ സഹോദരൻ ആണ്. സംസ്കാരം 30 ന് റെസ്റ്റ് ഹെവൻ മെമ്മോറിയൽ പാർക്കിൽ നടന്നു. മക്കൾ: തങ്കമ്മ കുര്യൻ, പൊടിയമ്മ ഏബ്രഹാം, പെണ്ണമ്മ മാത്യു, മേരിക്കുട്ടി വർഗ്ഗീസ്, പാസ്റ്റർ കെ. ജോയി, കെ. ബാബു, റോസമ്മ മാത്യു, കെ. തോമസ് കുട്ടി. മരുമക്കൾ: പാസ്റ്റർ ടി. എൽ. കുര്യൻ, പി. സി. ഏബ്രഹാം, മാത്യു മത്തായി, ടൈറ്റസ് വർഗ്ഗീസ്, സൂസമ്മ ജോയി, സിസിലാമ്മ ബാബു, ഷാജു മാത്യു, ഷേർലി തോമസ്. പരേതനു 24 പേരക്കുട്ടികൾ ഉണ്ട്.

## പുതിയ ചേംബറിൽ പ്രാർത്ഥന ആരംഭിച്ചു

കുമ്പനാട്: ഐ.പി.സി ജനറൽ കൺവൻഷന് വേണ്ടി പുതുതായി പണി കഴിപ്പിക്കുന്ന സ്റ്റേജിൻറെ അണ്ടർഗ്രൌണ്ടിൽ പണി പൂർത്തിയായ പ്രാർത്ഥന ചേംബർ പ്രാർത്ഥനക്കായി തുറന്നു കൊടുത്തു. ഐ.പി.സി ജനറൽ/സ്റ്റേറ്റ് സംയുക്തമായിട്ടാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. പാസ്റ്റർ കെ. സി. തോമസിൻറെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജനറൽ പ്രസിഡൻറ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. ജനറൽ/സ്റ്റേറ്റ് എക്സിക്യൂട്ടീവിനെ കൂടാതെ അനേകം ദൈവജനങ്ങൾ യോഗത്തിൽ പങ്കെടുത്തു. ഹാൾ എ.സി ആക്കുവാൻ യോഗത്തിൽ പങ്കെടുത്തവരിൽ ചിലർ വാഗ്ദാനങ്ങളുമായി മുന്നോട്ടു വന്നു. കൺവന്ഷന് മുൻപ് ഹാൾ പൂർണ്ണമായി എയർകണ്ടീഷൻ ആകും എന്ന് സംസ്ഥാന ട്രെഷാർ ബ്രദർ ജോയി താനുവേലി പറഞ്ഞു.

## ദി പെന്തെക്കോസ്തു മിഷൻ കൺവെൻഷൻ

**ചാക്കോ കെ. തോമസ്**

തിരുവനന്തപുരം: ദി പെന്തെക്കോസ്തു മിഷൻ സഭകളുടെ 2017-ലെ കേരളത്തിലെ ആരംഭ കൺവെൻഷനായ തിരുവനന്തപുരം സെന്റർ വാർഷിക കൺവെൻഷനും ദൈവീകരോഗശാന്തി ശുശ്രൂഷയും ജനുവരി 12 മുതൽ 15 വരെ പുത്തരിക്കണ്ടം മൈതാനിയിൽ നടക്കും. ദിവസവും രാവിലെ 7-ന് വേദപഠനം, 9.30ന് പൊതുയോഗം, മൂന്നിന് കാത്തിരിപ്പ് യോഗം, രാത്രി 10 ന് സ്പെഷ്യൽ പ്രാർത്ഥന, ശനിയാഴ്ച ഉച്ചയ്ക്ക് മൂന്നിന് യുവജന സമ്മേളനം എന്നിവ ചാരാച്ചിറ ടി.പി.എം. സഭാഹാളിൽ നടക്കും. ദിവസവും വൈകിട്ട് 5.45ന് സംഗീത ശുശ്രൂഷ, സുവിശേഷപ്രസംഗം, രോഗശാന്തി പ്രാർത്ഥന. സമാപനദിവസമായ ഞായറാഴ്ച രാവിലെ 9 ന് 40 പ്രാദേശിക സഭകളിലെ ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത ആരാധനയിൽ സഭയുടെ പ്രധാന ശുശ്രൂഷകർ പ്രസംഗിക്കും. 1939-ൽ തിരുവനന്തപുരത്തിന് സമീപം പറമ്പുക്കോണത്ത് ആരംഭിച്ച സഭയിൽ 1941 ലും 1942 ലും സഭാ സ്ഥാപകൻ പാസ്റ്റർ പോൾ കൺവെൻഷൻ നടത്തിയിരുന്നു.

### ലാൻഡ്‌വേ സാഹിത്യ അവാർഡ്

ലേഖനങ്ങൾ അയച്ചുതന്ന എല്ലാവർക്കും നന്ദി. അടുത്ത ലക്കത്തിൽ വിജയികളെ പ്രഖ്യാപിക്കുന്നതാണ്.

*എഡിറ്റർ*

2 പുതുവത്സരം നന്മയായി മാറട്ടെ! — *സന്തോഷ് പന്തളം*
2 ദൈവഭയം — *ഷെറിൻ ഷേർളി സന്തോഷ്*
3 അലംഭാവത്തിലും ഉണ്ടൊരു ആദായം! — *ജെയിംസ് കോശി ജോർജ്ജ്*
4 500 years of Reformation: A flash back — *Duglus Joseph*
7 പാട്ടിന്റെ വഴി — *പാസ്റ്റർ എം. കെ. വർഗ്ഗീസ്*

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*
UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

> ഈ വർഷത്തിന്റെ ആരംഭത്തിൽ യേശുവുമായുള്ള ഒരു ബന്ധം നിങ്ങൾ സ്ഥാപിച്ചാൽ മാനിക്കപ്പെടും. പുതുവർഷം അനുഗ്രഹമായി ത്തീരും.

# പുതുവത്സരം നന്മയായി മാറട്ടെ!

ലാൻഡ്‌വേ ന്യൂസിന്റെ വിലപ്പെട്ട വായനക്കാർക്കും കുടുംബാംഗങ്ങൾക്കും 2017–ലെ പുതുവത്സരാശംസകൾ. ഈ വർഷം എല്ലാവർക്കും അനുഗ്രഹവും ആശ്വാസവും ആകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഓരോ ദിനവും നമ്മെവിട്ട് കടന്നുപോകുമ്പോൾ നമ്മുടെ ആയുസിനും ഒരു ദിവസം നഷ്ടമാകുന്നു. ഇവിടെ നമ്മുടെ നിത്യമായ ഭവനമോ അവകാശമെന്ന് പറയുന്നതോ നിലനിൽപ്പില്ല. നാം കേവലം ഒരു തീർത്ഥാടകർ മാത്രമാണ്. നമ്മുടെ ആയുസ് കേവലം ചിലവർഷങ്ങൾ മാത്രമായിരിക്കാം. നാമിവിടെ പാർക്കുന്ന ഒരു പരദേശി മാത്രമാണ്. നമ്മുടെ പാർപ്പ് ഇവിടെ അവസാനിപ്പിച്ചിട്ട് നാം ഇവിടെ വിട്ട് മറ്റൊരിടത്തേക്ക് പോകും. അത് എവിടെയെന്നതാണ് പ്രധാന ചോദ്യം. ആ ചോദ്യത്തിന് ഞാൻ തന്നെ താഴെ മറുപടി പറയാം.

ദൈവത്തെ യഥാർത്ഥമായി അന്വേഷിക്കാത്ത ദൈവകൽപന അനുസരിക്കാത്ത എല്ലാ മനുഷ്യരും പാപികളാണ്. കാരണം പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിക്കുന്നുവെന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. അടുത്തതായി പറയുന്നു. പാപത്തിൽ ജീവിക്കുന്നവന് ദൈവത്തെ പ്രസാദിപ്പിക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുവാനും കഴിയുകയില്ല. കാരണം പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്ന് ദൈവവചനം പഠിപ്പിക്കുന്നു. ചിലരെങ്കിലും ചിന്തിക്കാം എങ്കിൽ ഞാൻ എന്റെ ഭാഗത്ത് നിന്നും എന്ത് ചെയ്യണം... പറയാം സ്നേഹിതരെ,

കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി വായ് കൊണ്ട് ഏറ്റുപറയുകയും ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ ഒരു ദൈവപൈതലാകും. മാത്രമല്ല അങ്ങനെ ചെയ്യുമ്പോൾ നമ്മിലുണ്ടായിരുന്ന പഴയ മനുഷ്യനെ ക്രിസ്തുവിൽ മരിപ്പിച്ചു. ക്രിസ്തുവിൽ മരിച്ച മനുഷ്യനെ കുഴിച്ചിടുന്നതാണ് സ്നാനം. (ഒരു വ്യക്തി ഭൂമിയിൽ മരിച്ചാൽ അവന്റെ ശവശരീരം ഭൂമിയിൽ കുഴിച്ചിടുന്നത് പോലെ) പാപത്തിൽ മരിച്ച വ്യക്തിയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വെള്ളത്തിൽ കുഴിച്ചിടുന്ന പ്രക്രീയയാണ് സ്നാനം. (ഇത് യേശുവും ചെയ്തതാണ്).

ഇങ്ങനെ ചെയ്യുമ്പോൾ ദൈവം നമ്മിലും നമ്മുടെ കുടുംബങ്ങളിലും പ്രസാദിക്കും. നാമൊരു ദൈവ പൈതലായി ജീവിച്ചാൽ നിത്യമായ ഒരു രാജ്യത്തിൽ നമ്മുടെ ഈ ലോക മരണത്തിനുശേഷം എത്തിച്ചേരും. യേശുക്രിസ്തുവിനെ അംഗീകരിച്ചവർ കൂട്ടായ്മ ആചരിക്കുകയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ മുമ്പോട്ട് പോകുകയും ചെയ്യും. അവരെ എല്ലാവിധത്തിലും ദൈവം മാനിക്കും യാതൊരു സംശയവുമില്ല.

ഈ ലോകത്തിലെ ഏറ്റവും വലിയ ധനമാണ് യേശുവിനെ കണ്ടുമുട്ടുക എന്നത്. ഇതിന്റെ പുറകിൽ മാത്രമേ ഈ ലോകത്തിലുള്ള ഏത് കാര്യവും മനുഷ്യന് ഉള്ളൂവെന്ന് ഉറപ്പിച്ച് പറയട്ടെ. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി പഴയത് കഴിഞ്ഞുപോയി ഇതാ സകലതും പുതുതായി തീർത്തിരിക്കുന്നു.

പുതുവർഷത്തിലേക്ക് കാൽ വയ്ക്കുന്ന സ്നേഹിതരെ ക്രിസ്തുവിനെ കൂടാതെ നമുക്ക് ഒന്നും നേടാൻ കഴിയുകയില്ല. ക്രിസ്തുവിനെ നേടിയാൽ നാം എല്ലാം നേടി. ഒരു വ്യക്തി പറഞ്ഞത് പോലെ 'No Jesus No Peace, Know Jesus Know Peace' യേശു ഉണ്ടോ സമാധാനം ഉണ്ട്, യേശു ഇല്ലയോ സമാധാനം ഇല്ല. കർമ്മങ്ങളോ ക്രിയകളോ ഇല്ലാതെ ഈ വർഷത്തിന്റെ ആരംഭത്തിൽ യേശുവുമായുള്ള ഒരു ബന്ധം നിങ്ങൾ സ്ഥാപിച്ചാൽ മാനിക്കപ്പെടും. പുതുവർഷം അനുഗ്രഹമായി ത്തീരും. അതിനായി ദൈവം നിങ്ങൾക്ക് സാവകാശം നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിറുത്തുന്നു.




# ദൈവഭയം

മിക്ക മനുഷ്യരിലും ഇല്ലാത്ത ഒരു സവിശേഷതയാണ് ദൈവഭയം എന്നത്. ഇന്ന് കാണപ്പെടുന്ന മിക്ക മനുഷ്യർക്കും സമയം തക്കത്തിൽ ഉപയോഗിക്കാൻ സാധിക്കാറില്ല. എല്ലാവരും ഒരേ കണരമാണ് എപ്പോഴും പറയുന്നത് 'സമയമില്ല' എന്നത്. തിരക്കിനിടയിൽ പലരും ദൈവത്തെ ഓർക്കാൻ മടിക്കുന്നു. ആരും ചിന്തിക്കുന്നില്ല നാം ഇവിടെ നിൽക്കുന്നത് ആരു കാരണമാണെന്ന്. ദൈവത്തെ മറന്നു ജീവിക്കുന്നു പലരും. ഈ ലോകം നൽകുന്ന സുഖം കേവലം ചില ദിവസങ്ങളോ, ആഴ്ചകളോ മാത്രമേ നീണ്ടു നിൽക്കുകയുള്ളു. ലോകത്തിന്റെ മോഹങ്ങളിൽ അകപ്പെട്ട് ദൈവത്തെ മറക്കുന്നവരേ ഒന്ന് ചിന്തിക്കുക ദൈവമല്ലേ നമ്മളെ ഈ സ്ഥാനത്ത് ആക്കിയത്. നമ്മുടെ പാപത്തിന് വേണ്ടി ക്രൂശിൽ യാഗമായി തീർന്ന യേശുവിനെ ഓർക്കാൻ സമയമില്ല എന്ന് പറയുന്നത് തന്നെ ഏറ്റവും വലിയ തെറ്റാണ്.

പ്രാർത്ഥന ജീവിതത്തിൽ നിന്നും കുറയുമ്പോഴാണ് പല അനർത്ഥങ്ങളും കടന്നുവരുന്നത്. നാം ഒന്ന് ചിന്തിക്കുക ഈ ലോകം മുഴുവൻ നമ്മെ വെറുത്താലും കർത്താവായ യേശുക്രിസ്തു നമ്മുടെ കൂടെയുണ്ടെങ്കിൽ ആർക്കും നമ്മെ തകർക്കാൻ സാധിക്കില്ല.

ഇന്നത്തെ യുവജനങ്ങളാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. സോഷ്യൽ മീഡിയകളുടെ വരവോട് കൂടി ആർക്കും സമയമില്ലാതെ ആയിരിക്കുകയാണ്. എല്ലാവരും സോഷ്യൽ മീഡിയകളിൽ സമയം ചിലവഴിക്കുന്നു. അതിനിടയിൽ സ്വന്തം കുടുംബത്തെ പ്പറ്റി ചിന്തിക്കാൻ പോലും മറക്കുന്നു. ഓരോ മനുഷ്യന്റെയും ഹൃദയത്തിൽ ദൈവമുണ്ട് എന്നാൽ ആർക്കും പ്രാർത്ഥിക്കാനോ, ആരാധിക്കാനോ സമയം കണ്ടെത്താനോ സാധിക്കുന്നില്ല എന്നതാണ് സത്യം. പ്രാർത്ഥന എന്നത് ജീവിതത്തിന്റെ താക്കൽ ആണ്. ഏത് വലിയ പൂട്ടുകളും അഴിക്കാൻ സാധിക്കുന്ന താക്കോലാണ് പ്രാർത്ഥന. നാം ഓരോരുത്തരും സമയം കണ്ടെത്തി പ്രാർത്ഥിക്കാൻ ശ്രമിക്കുക. മറ്റുള്ള തിരക്കുകളിൽ നിന്നും കുറച്ചു സമയം ദൈവത്തിനുവേണ്ടി മാറ്റി വയ്ക്കുവാൻ ശ്രമിക്കു. ജീവിതത്തിൽ പ്രാർത്ഥനയുണ്ടെങ്കിൽ ഏതു വിജയവും കൈവരിക്കാൻ സാധിക്കും.



**ഷെറിൻ ഷേർളി സന്തോഷ്**

*Every good gift and every perfect gift is from above, coming down from the **Father of lights***

GRACE Visual media
Since : 1988
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID *(sabu)*
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# അലംഭാവത്തിലും ഉണ്ടൊരു ആദായം!

> "പട്ടിണിയും കൊടുംതണുപ്പും കഠിനതടവും ഉറക്കിളപ്പും അടിയും തല്ലും ദ്രോഹവും എല്ലാം ഏറിയിട്ടും പൗലോസിനു യേശുവിനോടുള്ള തന്റെ സ്നേഹം കുറയുന്നില്ല. പൗലോസ് തന്റെ ദൗത്യത്തിൽ നിന്നും പിൻമാറുന്നില്ല, കഷ്ടത കുടുന്നതു കൊണ്ടു പിറുപിറുക്കുന്നുമില്ല."



ജെയിംസ് കോശി ജോർജ്ജ്

തിമോത്തിയോസ് എഫെസൊസിൽ സഭ പരിപാലനം നടത്തുമ്പോൾ അപ്പോസ്തലനായ പൗലോസ് അദേഹത്തിന് എഴുതുന്ന ലേഖനത്തിലെ ഒരു വാക്യമാണ് ചിന്താവിഷയം. എഫെസൊസ് സഭയിൽ വലിയ പ്രതിസന്ധികളെ തിമോത്തിയാസിന് നേരിടേണ്ടിവന്നിരുന്നു. അതിൽ പ്രധാനമായും പണത്തെ സ്നേഹിച്ചു സ്വാർത്ഥൻമാരായ ദുരുപദേശകൻമാർ സത്യവചനത്തെ അവരുടെ അഭിലാഷങ്ങൾക്കു ഒത്തവണ്ണം മറിച്ചുകളയുന്നു എന്നുള്ളതായിരുന്നു.

ദൈവഭക്തി ആദായസൂത്രം എന്ന് വിചാരിക്കുന്ന ദുരുപദേശാഷ്ടക്കന്മാരെയും സഭയിൽ നേതൃത്വനിരയിൽ നിൽക്കുന്ന ചിലരേയും പൗലോസ് ചൂണ്ടി കാണിച്ചുകൊണ്ടു പറയുകയാണ് 'അവർ ദൈവഭക്തി ആദായ സൂത്രം എന്ന് വിചാരിക്കുന്നു'. എന്നിട്ട് പൗലോസ് പറയുകയാണ്. അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ അദായം ആകുന്നു താനും. അലം എന്ന വാക്കിന് മതി, തൃപ്തിപ്പെടൽ, പൂർണ്ണത എന്നീ അർത്ഥങ്ങൾ ഉണ്ട്. അലംഭാവം എന്നാൽ മതി എന്ന് ഭാവം ആണ്. മതി എന്ന ഭാവത്തോടെ ഉള്ള ദൈവഭക്തി തന്നെ വലിയ ഒരു ആദായം എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്. നാം ദൈവത്തെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്നതിന്റെ പിന്നിലുള്ള ഉദ്ദേശം ഭൗതികമായ നന്മകൾ വാരിക്കൂട്ടുവാൻ വേണ്ടിയാകരുത്. നമ്മുടെ പ്രാർത്ഥനകളും ഉപവാസങ്ങളും ഒക്കെ കേവലം ഭൗതികമായ പുരോഗമനങ്ങൾക്കു വേണ്ടിയും, ജഡിക അഭിലാഷങ്ങളുടെ നിവർത്തീകരണത്തിനുവേണ്ടിയും ആവരുത്, മറിച്ച് ദൈവം തരുന്നത് എന്തിലും, സുഖമാണെങ്കിലും, ദു:ഖമാണെങ്കിലും അതു മതി എന്ന ഭാവമുള്ളവരായിത്തീരുന്നു എങ്കിൽ അതു തന്നെ ഒരു ആദായം എന്ന് വചനം പറയുന്നു. സാമ്പത്തിക ഉയർച്ചകൾക്കുവേണ്ടിയും കാറിനും. വലിയ വീട് ലഭിക്കാൻ വേണ്ടിയും ശാരീരിക സൗഖ്യത്തിനുവേണ്ടിയും ഒക്കെ യേശുവിനെ പിൻഗമിക്കുന്ന ജനാവലി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദ്രവ്യത്തിനെ സ്നേഹിക്കുന്നവർ ദൈവഭക്തിയെ പോലും വലിയ ഒരു ആദായമാർഗ്ഗം ആക്കുമ്പോൾ ദ്രവ്യത്തോടുള്ള ആർത്തി ഇല്ലാതെ ഉള്ളതു കൊണ്ടു സന്തോഷത്തോടും തൃപ്തിയോടും ദൈവത്തെ സ്നേഹിക്കുന്ന ഒരു തലമുറ ഉണ്ടോ എന്ന് ദൈവം നോക്കുന്നു. സമ്പത്തിനും തന്റെ ശരീരത്തിനും മനുഷ്യൻ വളരെ വില കൊടുക്കുന്നു. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് 'Health is Wealth' ആരോഗ്യം സമ്പത്താണ്. അതു തിരിച്ചും പറയുന്നു 'Wealth is Health' സമ്പത്തും ആരോഗ്യമാണ്. അപ്പോൾ ശരീരത്തിന്റെ ആരോഗ്യത്തിനു വേണ്ടിയും, സമ്പത്തിനുവേണ്ടിയും മനുഷ്യൻ പലതിലും ചിന്താകുലരാണ്. തൃപ്തിയില്ലാത്ത ഒരു ഭാവം മനുഷ്യനെ വേട്ടയാടുന്നു. മതി എന്ന ഭാവത്തോടു ജീവിച്ച ചില ഭക്തൻമാരെ ദൈവവചനത്തിൽ നിന്നും പരിചയപ്പെടുത്തുവാൻ ഞാൻ ഇവിടെ ആഗ്രഹിക്കുന്നു.

1. സമ്പത്തും ശരീരവും തകർന്നപ്പോഴും യഹോവയെ സ്നേഹിച്ച ഇയോബ് ദൈവഭക്തനും നിഷ്കളങ്കനും, നേരുള്ളവനും ദോഷം വിട്ടകലുന്നവനുമായ ഇയോബിനെ ദൈവം എന്തുകൊണ്ട് സാത്താന്റെ കൈയിൽ തകർക്കുവാൻ ഏല്പിച്ചു എന്നത് ഒരു ചോദ്യമാണ്. കാരണം സാത്താൻ പോലും ചിന്തിച്ചിരുന്നത് ദൈവഭക്തിയോടും, നിഷ്കളങ്കതയോടും നേരുള്ളവനായിട്ടും ജീവിക്കുന്നതിന്റെ കാരണം, നന്മയുള്ളതു കൊണ്ടാണ് എന്നാണ്. അതാണ് സാത്താൻ യഹോവയോട് ചോദിച്ചത്. വെറുതെയാ ഇയോബ് ദൈവഭക്തനായിരിക്കുന്നത്. നീ അവനും അവന്റെ വീടിനു ചുറ്റും വേലി കെട്ടിയിട്ടില്ലയോ, നീ അവനെ അനുഗ്രഹിച്ചിരിക്കുന്നു, മൃഗസമ്പത്തും ദേശത്തു പെരുകിയിരിക്കുന്നു. ഇവിടെ സാത്താൻ മനസ്സിലാക്കിയ കാര്യം എല്ലാറ്റിനും വേലി കെട്ടിയിരിക്കുന്നു, അനുഗ്രഹിച്ചിരിക്കുന്നു, മൃഗസമ്പത്തും പെരുകിയിരിക്കുന്നു, ഈ അനുഗ്രഹവും സംരക്ഷണവും എല്ലാം എടുത്തുമാറ്റുമ്പോൾ അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചുകളയും. സാത്താൻ ദൈവത്തോടു നേരിട്ടു പറഞ്ഞത് ഇതാണ്, നിന്നോടു യാഥാർത്ഥമായ സ്നേഹം ഉള്ളതു കൊണ്ടൊന്നുമല്ല ഇവർ എല്ലാം ഭക്തിയോടെ ജീവിക്കുന്നത്. ഭൗതികമായ നന്മകൾ ലഭിക്കുന്നതിനു വേണ്ടിയും ഉള്ള നന്മകൾ നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടിയും ആണ് നിന്നെ ആരാധിക്കുന്നത്.

ദൈവത്തിന് സാത്താന്റെ ആ സംസാരം അത്ര പിടിച്ചില്ലായിരിക്കാം. ഒരു അനുഗ്രഹവും, നന്മയും ഞാൻ കൊടുത്തില്ലെങ്കിലും എന്നെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർ ഉണ്ട് എന്ന് തെളിയിക്കുവാൻ ഇയോബിന്റെ ജീവിതം ദൈവം ഉപയോഗിച്ചു. ഇയോബിന് തന്റെ പുത്രസമ്പത്തും മൃഗസമ്പത്തും എല്ലാം നഷ്ടപ്പെട്ടപ്പോഴും യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അലംഭാവത്തോടെ ഉള്ള തന്റെ ദൈവഭക്തി എത്ര വിലപ്പെട്ടതാണ്. രാജപ്രൗഢിയിൽ ജീവിച്ചിരുന്ന ഇയോബ് ഒരു ദിവസം കൊണ്ട് ഒന്നുമില്ലത്തവനായി മാറിയപ്പോഴും ദൈവത്തെ വാഴ്ത്തുവാൻ മറക്കുന്നില്ല. തന്റെ ശരീരം വ്രണങ്ങളാൽ പൊട്ടി നീറിപ്പുകയുന്ന നേരത്തു തന്നെ ആശ്വസിപ്പിക്കുകയും, അടുത്തിരിക്കുകയും ചെയ്യേണ്ടിയിരുന്ന ഭാര്യ പോലും പോയി ചത്തു കളയൂ മനുഷ്യാ എന്ന് പ്രാകുമ്പോഴും, യഹോവയെ വാഴ്ത്തുന്ന ഇയോബ് അവനെ യഥാർത്ഥമായി സ്നേഹിച്ച ഭക്തൻ ആയിരുന്നു. സമൃദ്ധിയിൽ ഇരുന്നപ്പോഴും ചാരത്തിൽ ഇരുന്നപ്പോഴും യഹോവയെ സ്തുതിക്കുകയും, സ്നേഹിക്കുകയും ചെയ്ത ഇയോബിന്റെ ഭാവം എത്ര പ്രശംസനീയമാണ്. അലംഭാവത്തോടെയുള്ള ഈയോബിന്റെ ദൈവഭക്തി വളരെ നന്മ നിറഞ്ഞതായിരുന്നു.

2. സമ്പത്ത് ഉപേക്ഷിച്ചും ശരീരത്തെ ദണ്ഡിപ്പിച്ചും യേശുവിനെ സ്നേഹിച്ച പൗലോസ്

പൗലോസിന്റെ കുടുംബപശ്ചാത്തലത്തെപ്പറ്റി കാര്യമായ യാതൊരു രേഖയും നമുക്ക് ലഭിച്ചിട്ടില്ല. മകനെ ഉന്നത വിദ്യാഭ്യാസത്തിനയയ്ക്കുവാനുള്ള മാനസിക വളർച്ചയും അതിനു വേണ്ട ചെലവ് വഹിക്കാനുള്ള മാർഗ്ഗവും പൗലോസിന്റെ കുടുംബം ധനസ്ഥിതിയിലും മറ്റും സാമാന്യം ഉയർന്ന തലത്തിലായിരുന്നു എന്നാണ് കാണിക്കുന്നതു. മറ്റു ചിലരുടെ അഭിപ്രായമനുസരിച്ചു കോടികളുടെ ആസ്തിയുള്ള ഒരു കുടുംബപശ്ചാത്തലത്തിൽ ജനിച്ചവൻ ആയിരുന്നു പൗലോസ് എന്നു പറയുന്നു. പൗലോസ് തന്നെപ്പറ്റി പറഞ്ഞിരിക്കുന്നതു മറ്റാരെക്കാളും ജഡത്തിൽ ആശ്രയിക്കാം എന്നു തോന്നിയാൽ എനിക്ക് അധികം; എട്ടാം നാളിൽ പരിച്ഛേദനം ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെഞ്ചമിൻ ഗോത്രക്കാരൻ; എബ്രായരിൽ നിന്നും ജനിച്ച എബ്രായൻ; പരീശൻ; അനിന്ദ്യൻ എന്നിത്യാദി പ്രശംസനീയമായ കാര്യങ്ങൾ ക്രിസ്തുവിനെ നേടുവാൻ വേണ്ടി താൻ ചേതം എന്ന് എണ്ണിയിരിക്കുന്നു എന്നാണ്. യേശു ക്രിസ്തുവിനെ നേടുവാൻ വേണ്ടി മാത്രം ഈ ലോകസമ്പത്തും, പ്രശംസയും ഒട്ടും വിലയില്ലാത്തതെന്ന് എണ്ണി വലിച്ചെറിഞ്ഞു കളഞ്ഞിരിക്കുന്നു. ഈ ഭക്തൻമാരായ മനുഷ്യർ വലിച്ചെറിഞ്ഞു കളഞ്ഞതു നേടുവാൻ വേണ്ടി മാത്രം യേശുവിന്റെ അടുക്കൽ ഇന്നു വരുകയും യേശുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നതും കാണുമ്പോൾ ആത്മീയലോകം എത്ര തരംതാണുപോയി എന്നു ഓർത്തു ദുഃഖിക്കുന്നു.

പട്ടിണിയും കൊടുംതണുപ്പും കഠിനതടവും ഉറക്കിളപ്പും അടിയും തല്ലും ദ്രോഹവും എല്ലാം ഏറിയിട്ടും പൗലോസിനു യേശുവിനോടുള്ള തന്റെ സ്നേഹം കുറയുന്നില്ല. പൗലോസ് തന്റെ ദൗത്യത്തിൽ നിന്നും പിൻമാറുന്നില്ല, കഷ്ടത കുടുന്നതു കൊണ്ടു പിറുപിറുക്കുന്നുമില്ല. അതിന്റെ പ്രധാനമായ കാരണം തന്റെ സ്വന്തം ജീവനെ സ്നേഹിക്കാതെ തനിക്ക് വേണ്ടി കാൽവറിയിൽ ജീവനെ വെടിഞ്ഞവനെ സ്നേഹിച്ചിരുന്നു എന്നുള്ളതാണ്. ഭൗതികമായ ശുഭഭാവിക്ക് വേണ്ടിയും ഭൗതിക നന്മകൾക്ക് വേണ്ടിയും മാത്രം യേശുവിനെ പിൻഗമിക്കുന്നവർ തീർത്തും ആത്മീയ അധഃപതനത്തിലേക്ക് നയിക്കപ്പെടും എന്നുള്ളതിന് സംശയമില്ല. താഴ്ചയിൽ ഇരിക്കുവാനും, സമൃദ്ധിയിൽ ഇരിക്കുവാനും പഠിച്ചവൻ ആയിരുന്നു പൗലോസ്, തൃപ്തനായിരിക്കുവാനും വിശന്നിരിക്കുവാനും, ബുദ്ധിമുട്ടിൽ ഇരിക്കുവാനും എല്ലാം താൻ ശീലിച്ചിരിക്കുന്നു എന്ന് പൗലോസ് തന്റെ ലേഖനത്തിൽ വ്യക്തമാക്കുന്നു. സമൃദ്ധിയിൽ ഇരിക്കുന്ന ചിലർക്ക് താഴ്ചയിൽ ഇരിക്കാൻ ബുദ്ധിമുട്ടുന്നതു നമ്മുക്ക് അറിയാം. അതുപോലെ താഴ്ചയിൽ ഇരുന്നവർക്ക് പെട്ടെന്ന് സമൃദ്ധിയിൽ ആവുമ്പോൾ ഉള്ള ഒരു പരിഭ്രമവും ബുദ്ധിമുട്ടിക്കുന്നതാണ്. കൊട്ടാരത്തിൽ ജീവിച്ചവർക്ക് കുടിലിൽ ജീവിക്കാൻ പ്രയാസമാണ്, കുടിലിൽ ജീവിച്ചവർ കൊട്ടാരത്തിൽ വന്നാലും അവർക്കും ചില പ്രയാസമുണ്ട്. പൗലോസ് പറയുന്നു ഇതെല്ലാം ഞാൻ ശീലിച്ചിട്ടുണ്ട്, ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിക്കുവാൻ ഞാൻ പഠിച്ചിട്ടുണ്ട്.

3. അലംഭാവംത്തോടു കൂടിയ ദൈവഭക്തിയുടെ ആദായം എന്താണ്?

> "ഒന്നിലും ആർത്തിയില്ലാത്ത, മതി എന്ന ഭാവത്തോടു വിശുദ്ധിയിലും വേർപാടിലും ജീവിക്കുന്ന ഒരു തലമുറയെ കാത്തിരിക്കുന്ന ആദായമാണ് നിത്യജീവൻ. ദൈവത്തോടു കൂടി നിത്യമായി വസിക്കുവാൻ ലഭിക്കുന്ന അവസരത്തെക്കാൾ വലിയ ആദായം ഒന്നുമില്ല."

മനുഷ്യൻ പലവിധമായ ആഗ്രഹങ്ങൾ ഉള്ളിൽ കൊണ്ടു നടക്കുന്നവരാണ്. മനുഷ്യർ ആഗ്രഹിക്കുന്നതു നല്ലതാണ്, പക്ഷെ മനുഷ്യർ ദ്രവ്യാഗ്രഹികൾ ആയി മാറുന്നത് തീർത്തും പൈശാചികമാണ്. ഭൂമിയിൽ നടക്കുന്ന എല്ലാ തിന്മകളുടെയും മാറാവ്യാധികളുടെയും, ഇല്ലായ്മകളുടെയും ഉറവിടം മനുഷ്യന്റെ ഹൃദയമാണ്. ഒന്നിലും തൃപ്തിയില്ലാത്ത ഭാവം.

പച്ചക്കറികളിൽ വിഷം തളിച്ച് വേഗത്തിൽ ഉത്പാദിപ്പിക്കുകയും അതിൽ വിഷം കുത്തിവെച്ച് ഭാരം കൂട്ടുകയും ചെയ്യുന്നു. ആഹാരസാധനങ്ങളിൽ മായം കലർത്തി വില്ക്കുന്നു. വൻകിട മരുന്ന് കമ്പനികളുമായി സഖ്യത്തിലായിട്ട് പാവം ജനങ്ങൾ നായകളുടെ കടി കൊണ്ടു വലഞ്ഞാലും സ്വന്തം കീശ വീർപ്പിക്കുവാൻ നായ്ക്കളെ സ്നേഹിക്കുകയും നായകളെ കൊല്ലരുതെന്നു ശഠിക്കുകയും ചെയ്യുന്ന നായപ്രേമികളുടെ ദ്രവ്യാഗ്രഹവും, തൃപ്തിയില്ലായ്മയും നാം കണ്ടുകൊണ്ടിരിക്കുന്നു. പണം ഒരിക്കലും പാപം ആണ് എന്നു ബൈബിൾ പഠിപ്പിക്കുന്നില്ലാ, പണത്തോടുള്ള ആർത്തി, അഥവാ തൃപ്തിയില്ലായ്മ പാപം ആണ്.

തൃപ്തിയില്ലായ്മ മനുഷ്യനെ ക്രൂരൻമാർ ആക്കി മാറ്റുന്നു, തൃപ്തിയില്ലായ്മ മനുഷ്യരെ മൃഗതുല്യമാക്കി മാറ്റുന്നു, തൃപ്തിയില്ലായ്മ ചില മനുഷ്യരെ കടക്കെണിയിലാക്കുന്നു. ഇവിടെയാണ് അപ്പോസ്തലനായ പൗലോസിന്റെ വാക്കുകളുടെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. "ഈ ലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ലാ, ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമില്ലാ". ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്കുന്നതാണ് തൃപ്തിയുള്ളൊരു ഭാവം. ഇത്രയൊക്ക മതി എന്നുള്ള ഭാവം എല്ലാ മനുഷ്യർക്കും ഉണ്ടായിരുന്നെങ്കിൽ ഈ ഭൂമി സ്വർഗ്ഗമായി തീർന്നേനെ! ഒന്നിലും ആർത്തിയില്ലാത്ത, മതി എന്ന ഭാവത്തോടു വിശുദ്ധിയിലും വേർപാടിലും ജീവിക്കുന്ന ഒരു തലമുറയെ കാത്തിരിക്കുന്ന ആദായമാണ് നിത്യജീവൻ. ദൈവത്തോടു കൂടി നിത്യമായി വസിക്കുവാൻ ലഭിക്കുന്ന അവസരത്തെക്കാൾ വലിയ ആദായം ഒന്നുമില്ല.


John Wycliffe


Martin Luther


John Calvin

# 500 YEARS OF REFORMATION: A FLASH BACK

When Martin Luther nailed his famous 95 theses to the wall of All Saints' Church in Wittenberg, to the south of Berlin on October 31, 1517, nobody imagined that it would change the religious scenario of Europe and world as a whole. Germany's Protestants began a year-long celebration on 31 October 2016 marking 500 years since the Reformation which culminates on 31 October 2017. While speaking on the inaugural function of thehalf millennium celebration of reformation, German President Joachim Gauck praised the work of Protestant Reformation leader Martin Luther, saying the Renaissance monk had "to a large extent" brought Christianity into modernity. To everyone's surprise, Pope Francis himself attended a Reformation memorial service while on a visit to Sweden, the first time in history the leader of the Roman Catholic Church has made such a high-profile showing of commemorating the event.

Pope Francis had high praise for Martin Luther, and said the rise of Protestantism had "helped give greater centrality to sacred scripture in the Church's life." After leaving the service in Lund with King Gustav and Queen Silvia, the pontiff said that both Protestants and Catholics sought to uphold "the true faith."


**Duglus Joseph**

**Background of Reformation.**

16th century when there was only one church in Western Europe - what we would now call the Roman Catholic Church - under the leadership of the Pope in Rome.During AD 1500, the Church (what we now call the Roman Catholic Church) was very powerful (politically and spiritually) in Western Europe (and in fact ruled over significant territory in Italy called the Papal States). There was the Holy Roman Empire (largely made up of German speaking regions ruled by princes, dukes and electors), the Italian city-states, England, as well as the increasingly unified nation states of France and Spain.

**Martin Luther and 95 theses.**

The Protestant Reformation, was a schism from the Roman Catholic Church began by Martin Luther ( Germany) and continued by John Calvin (France and Switzerland) Huldrych Zwingli (Switzerland) and other early Protestant Reformers in 16th century Europe. The literal meaning of reformation is "restoration, renewal". It was an attempt to reform the Roman Catholic Church but ended in the split of the church.Although there had been significant earlier attempts to reform the Roman Catholic Church before Luther – such as those of Jan Hus (Czech Republic), Peter Waldo ( France) and John Wycliffe ( England).

Martin Luther is widely acknowledged to have started the Reformation with his 1517 work 'The Ninety-Five Theses'.In 1515, the pope started a new indulgence campaign to raise money for the rebuilding of St. Peter's Basilica, a church in Rome.

He criticized the sale oftickets of indulgences (forgiveness) from sins for money by church.The rich could buy their way into Heaven while the poor could not - quite the opposite of what the Bible says. ( Matthew 19:24). The Bible was in Latin language and ordinary people cannot read Bible in their mother tongue. Religious posts were often sold to whoever was willing to pay the most money for them. Many priests who bought religious posts led a corrupted life.

**The Five Solae of Protestant Reformation**

The Five basic doctrines of protestant reformation was Sola Scriptura (Scripture alone), Sola fide (Faith Alone), Sola gratia (Grace Alone), Sola Christus (Christ Alone) and Soli Deo Gloria ( Glory to God only). Luther turned to the Bible as the only reliable source of instruction (as opposed to the teachings of the Church). The invention of the printing press in the middle of the 15th century (by Gutenberg in Mainz, Germany) together with the translation of the Bible into the vernacular (the common languages of French, Italian, German, English, etc.) meant that it was possible for those who could read to learn directly from Bible without having to rely on a priest or other church officials. Before this time, the Bible was available in Latin, the ancient language of Rome spoken chiefly by the clergy. Before the printing press, books were handmade and extremely expensive. The invention of the printing press and the translation of the bible into the vernacular meant that for the first time in history, the Bible was available to those outside of the Church. Relationship to God, unmediated by the institution of the Catholic Church, was possible.

**Other Reformers**

John Wyclif was an English theologian, Biblical translator, reformer, and seminary professor at Oxford Wycliffe attacked the privileged status of the clergy, which was central to their powerful role in England. He then attacked the luxury and pomp of local parishes and their ceremonies.

Wycliffe was also an advocate for translation of the Bible into the vernacular. He completed a translation directly from the Vulgate into English in the year 1382, now known as Wycliffe's Bible.

Church of England had been made independent and split away from Roman Catholic Church under Henry VIII in the early 1530s for political rather than religious reasons.

John Calvin was a French theologian and pastor during the Protestant Reformation. He was a principal figure in the development of the system of Christian theologylater called Calvinism.

Huldrych Zwingli was a leader of the Reformation in Switzerland. Zwinglie began to preach ideas on reforming the Catholic Church. He criticized the corruption in the ecclesiastical hierarchy, promoted clerical marriage, and attacked the use of images in places of worship.

**Reformation and current European scenario**

Reformation made the institution of church more people friendly throughout Europe. Ordinary people could read Bible in their mother tongue. The corruption and immorality among church leaders came to an end. However when centuries passed, the European Christianity faces threat of extinction. The closing of Europe's churches reflects the rapid weakening of the faith in Europe, a phenomenon that is painful to worshipers. Hundreds of Churches have closed or are threatened by plunging membership. Once a holy worship place crowded with thousands of faithful believers, now-empty buildings that increasingly mark the countryside from Britain to Denmark. The growth of secularism and materialism badly affects the Christian faith across Europe. It is highly painful that the hardships and sweat of reformers go in vain.









AMERICA

## Donald Trump isTime magazine's Person of the Year




Time magazine on Wednesday named President-elect Donald Trump its Person of the Year. "It's a great honour. It means a lot," Mr. Trump said in a telephone interview on NBC's "Today" show. Time editor Nancy Gibbs said on the programme that Democrat Hillary Clinton was the No. 2 finalist. Ms. Gibbs said the choice of Trump this year was "straightforward". Ms. Gibbs said Time gives the title to the person who has had the greatest influence on events "for better or worse".

EUROPE

# Lionel Messi: Barcelona forward meets Afghan boy who became viral star

An Afghan boy who became an online hit after wearing a homemade shirt bearing Lionel Messi'sfamous number 10 has met his hero.

A photograph of six-year-old MurtazaAhmadi wearing the shirt made from a striped blue plastic bag went viral in January and ended with the boy receiving a signed shirt from the Barcelona striker.

But now the pair have come face to face in Doha, according to Qatar's 2022 World Cup organising committee.





Barcelona are in Qatar to play a friendly against Al Ahli on Tuesday and Ahmadi will walk out on to the pitch with Messi.

## Cyclone Vardah: Tamil Nadu Governor monitoring situation closely



Meanwhile, the State Disaster Management Agency said 1,531 fallen trees have been removed off the roads.

A day after Cyclone 'Vardah' barrelled through Chennai, Chief Minister O Panneerselvam on Tuesday briefed Tamil Nadu Governor ChVidyasagarRao about rescue and rehabilitation works. The Governor enquired about the situation in the wake of the cyclone and the Chief Minister apprised him of the rescue and rehabilitation works being undertaken, a Raj Bhavan release said. "The Governor is monitoring the situation closely," it said. Rao, also the Governor of Maharashtra, was "preoccupied" due to the winter session of that state's Assembly in Nagpur, it said.

Cyclone Vardah had crossed the coast near here yesterday, ripping through the city, and affecting Kancheepuram and Tiruvallore districts.

Meanwhile, the State Disaster Management Agency said 1,531 fallen trees have been removed off the roads. "Work is going on. All major roads have been cleared for traffic," the agency said.

ASIA

## Demonetisation biggest scam of the year, must be probed: P Chidambaram

Former Finance minister P Chidambaram on Tuesday hit out at the Union government terming the demonetisation move as the "biggest scam of the year" and demanded that it be investigated. "It has broken the back of poor people, a case of khodapahadniklichuhiya," Chidambaram said, adding that "not even a national calamity would have caused so much suffering". The former minister was addressing the media at an event in Nagpur.

"This is an absurd, thoughtless move, and no one in the world has a good word for it. Every major newspaper and economist has condemned it,"



Chidambaram said, adding that the government should have at least consulted economists before taking a decision. "Government should have consulted at least YashwantSinha, he is their own man. They could have consulted Mr Manmohan Singh. There are over a 100 officers involved in budget making, till today its never leaked. What secrecy is this?"

ASIA

## Abu Dhabi gets SeaWorld's first theme park outside USA

The Abu Dhabi Government's vision to develop the Capital as a global tourism hub has got a major boost. The Capital is going to get a next-generation marine life theme park, which will also include the UAE's first marine life research, rescue, rehabilitation and return centre with facilities and resources for the care and conservation of local marine life. Miral and SeaWorld Entertainment on Tuesday announced their partnership to develop SeaWorld Abu Dhabi on Yas Island by 2022. It will be SeaWorld's first marine life park outside the US. It will be the first new SeaWorld without orcas, and will integrate up-close animal experiences, mega attractions and a world-class aquarium, bringing the latest technology in visitor engagement. The partnership brings together Miral's expertise in developing Yas Island's portfolio of destinations with SeaWorld's 50-plus years of theme park, veterinary medicine, marine science and zoological practice and experience. Miral'sYas Island destination portfolio has got four themed parks - Ferrari World Abu Dhabi, YasWaterworld, and also opening by 2018 will be Warner Bros. World Abu Dhabi and Clymb.

ലൈറ്റ് ഓഫ് ദ വേൾഡ് മിനിസ്ട്രീസ്
9-ാമത് വരിക്കോലിൽ കൺവൻഷൻ
പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം
2017 ജനുവരി 9-13
പ്രസംഗകർ:
റവ. ടി. ജെ. ശാമുവേൽ
റവ. ഡോ. എം. എ. വറുഗ്ഗീസ്
റവ. റജി ശാസ്താംകോട്ട
പാസ്റ്റർ ജയൻ തോമസ്
പാസ്റ്റർ സജി കര്യൻ
പാസ്റ്റർ സജ്ഞയ് ഹൈദരാബാദ്
പാസ്റ്റർ ഷിബു എബ്രാഹാം പുനലൂർ നേതൃത്വം നല്കുന്നു
സംഗീത ശുശ്രൂഷ: ZEALOUS BAND
ഇമ്മാനവേൽ ഹെൻട്രി / ബ്ലസൻ മേമന / പെർസിസ് ജോൺ
MEDIA PARTNER HARVEST tv
കൂടുതൽ വിവരങ്ങൾക്ക്: 9495267695, 9446796989



# പെന്തെക്കോസ്തു സഭകളുടെ മൂല്യച്യുതിയും അവയുടെ പരിഹാര മാർഗ്ഗങ്ങളും

ദാസ് പി. വിളക്കുടി

**കാരണങ്ങൾ:** ആദ്യ പിതാക്കന്മാർ ദൈവത്തിൽ നിന്നും ദർശനം പ്രാപിച്ചു ദൈവവേലയ്ക്ക് വേണ്ടി സകല വിധ നിന്ദയും സഹിച്ച് ഇറങ്ങിയെങ്കിൽ രണ്ടാം തലമുറയും ആ പാത തന്നെ പിൻപറ്റി ദൈവത്തെ രുചിച്ചറിഞ്ഞു. പിന്നെ വന്ന തലമുറകൾക്ക് പഴയ കഷ്ടതകളോ ദാരിദ്രമോ അനുഭവിക്കേണ്ടി വന്നില്ല. ദൈവവുമായുള്ള ബന്ധവും അവർക്കു കുറഞ്ഞു. മാനസാന്തരം വ്യക്തിപരമാണ് അത് കുടുംബപരമോ സംഘടനാപരമോ അല്ല. അവർ അനുഭവിച്ചറിയാത്ത ദൈവവുമായുള്ള ബന്ധം കുറഞ്ഞു വന്നു. ഉള്ളത് ഒരു പെന്തെക്കോസ്തു ലേബൽ മാത്രം. ഇതിനു ഉത്തരവാദികൾ ശുശ്രൂഷകരും മാതാപിതക്കന്മാരും സഭകളും തന്നെയാണ്. അല്ലാതെ ഇന്നത്തെ തലമുറകളെ കുറ്റം പറഞ്ഞു ഒഴിയുവാൻ ആർക്കും കഴിയുകയില്ല. മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം ദൈവം തരുന്ന പ്രതിഫലവും ആണ്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കേണ്ട ചുമതല മുകളിൽ പറഞ്ഞ എല്ലാവരുടെയും ഉത്തരവാദിത്വം ആണ്.

**പരിഹാരമാർഗ്ഗങ്ങൾ:** പണ്ടൊക്കെ സഭകളിൽ കാത്തിരിപ്പു യോഗങ്ങളും സണ്ടേസ്കൂൾ ആധികാരികമായും പഠിപ്പിച്ചിരുന്നു. ഇന്ന് അത് മുടങ്ങി കിടക്കുന്നു. പല സഭകളിലും അത് ഗൗരവമായി എടുത്ത് മുടക്കം കൂടാതെ തുടരുക. ശുശ്രൂഷ കന്മാർ തീർച്ചയായും നല്ലവണ്ണം വചനം പഠിച്ചവരും ദൈവവചനം ഗൗരവമായി പഠിപ്പിക്കുന്നവരും ആയിരിക്കണം. സഭയ്ക്കും സമൂഹത്തിനും മാതൃകയായുള്ള ജീവിതം നയിക്കുന്നവരും ആകണം. അടിസ്ഥാന ഉപദേശങ്ങൾ സഭയെ പഠിപ്പിച്ചിരിക്കണം. ബൈബിൾ ക്ലാസ് സഭകളിൽ നടത്തുക. അത് എല്ലാവരെയും പഠിപ്പിക്കണം. ദൈവത്തെ ഭയപ്പെടുവാൻ എല്ലാവരും ഉത്സാഹമുള്ളവർ ആകുക. ന്യൂ ജനറേഷൻ സഭകളിൽ ദൈവ സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ പഠിപ്പിക്കുന്നില്ല. ഇന്ന് പലരും ശുശ്രൂഷയായി അല്ല ദൈവവേലയെ കാണുന്നത് പ്രൊഫഷൻ ആയിട്ടാണ്. ധനം, പ്രശസ്തി, ഇവയ്ക്കു വേണ്ടി. വിശ്വസിച്ചവർ ഏക മനസും ഏക ഹൃദയവും ഉള്ളവർ ആയിരുന്നു. വേർതിരിവ് അവസാനിക്കണം. സംഘടന കൾക്ക് പ്രാധാന്യം കൊടുക്കാതെ ദൈവസഭയ്ക്ക് പ്രാധാന്യം കൊടുക്കണം.

## ഇൻഡ്യാ പെന്തകോസ്ത് ദൈവസഭ കൺവൻഷൻ

ചെന്നൈ: ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ ചെന്നൈ സെൻട്രൽ ഡിസ്ട്രിക്റ്റ് കൺവൻഷൻ 2017 ജനുവരി 6 വെള്ളിയാഴ്ച വില്ലിവാക്കം ഐ.സി.എഫ് അദ്ബേക്കറിൽ ആരംഭിക്കുന്നു. ഐ.പി.സി ചെന്നൈ സെൻട്രൽ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ സി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്യും. ഈ യോഗങ്ങളിൽ ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ. സി. സാമുവേൽ (കേരള) എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഐ.പി.സി ഡിസ്ട്രിക്ട് ക്വയർ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 8–ാം തീയതി രാവിലെ 8 മണിക്ക് എല്ലാ സഭകളുടെയും സംയുക്ത ആരാധന ഉണ്ടായിരിക്കും. ഉച്ചയ്ക്ക് കൺവൻഷൻ സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക്, പ്രസിഡന്റ് പാസ്റ്റർ സാമുവേൽ സി വർഗ്ഗീസ് സെക്രട്ടറി പാസ്റ്റർ ഒ.ജെ. ഫിലിപ്പ്, പബ്ലിസിറ്റി കൺവീനർ ബ്രദർ പി. സി. ജയിംസ് 08015705637.

## ബൈബിൾ ക്വിസ് ജനുവരി 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**ആമോസ് 6 മുതൽ യോനാ 4 വരെ**

1. ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവയാൽ പിടിക്കപ്പെട്ട പ്രവാചകൻ ആര്?
2. യഹോവയുടെ കൽപനയിൽ ഇടിഞ്ഞുപോകുന്നത് എന്ത്?
3. ഒരു മണിപോലും നിലത്തുവീണു പോകുകയില്ല. എന്ത്?
4. കണ്ടുകിട്ടാഞ്ഞത് എന്ത്?
5. താളടി ആയിത്തീരുന്ന ഗൃഹം ഏത്?
6. പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾവാൻ പറഞ്ഞ വ്യക്തി ആര്?
7. രക്ഷ വരുന്ന ഇടം ഏത്?
8. യോന ആരുടെ മകനായിരുന്നു?
9. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്നു പറഞ്ഞ വ്യക്തിയാര്?
10. മൂന്നു ദിവസത്തെ വഴി ദൂരമുള്ള പട്ടണം ഏത്?

**2016 ഡിസംബർ മാസത്തിലെ ശരി ഉത്തരങ്ങൾ (യോവേൽ, ആമോസ്)**

1. ദൈവത്തിന്റെ ശുശ്രൂഷകന്മാരോട് (യോവേൽ 1:13), 2. മരുഭൂമിയിലെ (യോവേൽ 1:13), 3. ഏദോം (യോവേൽ 3:19), 4. വേഗമാർക്ക് (ആമോസ് 2:14), 5. ദരിദ്രനെ (ആമോസ് 2:6), 6. ദന്തഭവനങ്ങൾ (ആമോസ് 3:14), 7. ബൊസ്ര (ആമോസ് 1:12), 8. കട്ടകളുടെ കീഴിൽ കിടന്ന് (യോവേൽ 1:17), 9. സകല വിധികളിലും (ആമോസ് 5:16), 10. മഴ പെയ്യാഞ്ഞതുകൊ് (ആമോസ് 4:7)

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**
*ഒന്നാം സമ്മാനം*: Mr. George Vargese, Kannakkattu Parambil, Kaviyoor P.O, Pathanamthitta (Dist).
*രണ്ടാം സമ്മാനം:* Sis. Veena J.P, Menathethil Muruppel, Chittar P.O, Pathanathitta (Dist).

**ശരി ഉത്തരം അയച്ചവർ:** 1. Mrs. Shyja Binu, IPC Carmel Hall,Kasargod. 2. Elsy Vijayan, AG Church, Trissure. 3. Mrs. Leelamma Saji, PMG Church, Nariya[puram P.O, Pathanamthitta. 4. Mr. Varghese Thomas, Plakkaduppil House, Kollichal, Rajapuram. 5. Mr. Joel V. Sabu, Maruthimoottil Vedu, Thinkalkkarikkom, Kulathuppuzha. 6. Sis. Sunitha V, Kuzhinjakkala Puthen Veedu, Thiruvananthapuram. 7. Mr. George Vargese, Kannakkattu Parambil, Kaviyoor P.O, Thiruvalla, Pathanamthitta (Dist). 8. Sis. Veena J.P, Menathethil Muruppel, Chittar P.O, Vadasserikkara (Via), Pathanathitta (Dist).

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## മലബാർ മേഖല കൺവെൻഷൻ സമാപിച്ചു

സാം കൊണ്ടാഴി (മീഡിയാ കൺവീനർ)



നിലമ്പൂർ: 2016 നവംബർ 30 മുതൽ ഡിസംബർ 4 വരെ നിലമ്പൂർ പാലുണ്ടയിൽ നടന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ മലബാർ മേഖല കൺവെൻഷൻ സമാപിച്ചു. മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ. ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ച കൺവെൻഷനിൽ മേഖലാ സെക്രട്ടറി പാസ്റ്റർ സാം ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ് വെൺമണി മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന രാത്രി സമ്മേളനങ്ങളിൽ പാസ്റ്റർമാരായ ബാബു ചെറിയാൻ, ഷാജു സി. ജോസഫ്, ഫിലിപ്പ് പി. തോമസ്, അനീഷ് കാവാലം, വിൽസൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. മാത്യു തോമസ്, കെ. സി. ഉമ്മൻ, ബിജോയ് കുര്യാക്കോസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. സിഡംബർ 4 ഞായറാഴ്ച നടന്ന സംയുക്താരാധനയിൽ ഐ പി സി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ വചനം ശുശ്രൂഷിച്ചു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ബാബു ജോസഫ്, പാസ്റ്റർ സ്റ്റീഫൻ എന്നിവരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു. ജോർജ്ജ് തോമസ്, ജയിംസ് വർക്കി, പാസ്റ്റർ ബാബു മഞ്ചേരി, അനിൽ കെ. ജി, പാസ്റ്റർ മനോജ്, പാസ്റ്റർ ഷാജി പി.റ്റി, സാം കൊണ്ടാഴി, പാസ്റ്റർ ലാലു വറുഗീസ് തുടങ്ങിയവർ കൺവെൻഷന് നേതൃത്വം നൽകി. പാലക്കാട് മുതൽ കാസർകോ വരെയുള്ള ഐ.പി.സി. സഭകൾ മലബാർ മേഖലയിൽ ഉൾപ്പെടുന്നു.

## മാവേലിക്കര സെന്റർ കൺവൻഷൻ

മാവേലിക്കര: ശാരോൻ ഫെല്ലോഷിപ് ചർച്ച് മാവേലിക്കര സെന്റർ കൺവൻഷൻ 2017 ജനുവരി 26 മുതൽ 29 വരെ മാവേലിക്കര എ.വി.ജെ. ജംക്ഷന് സമീപം തയ്യാർ ചെയ്യുന്ന ഗ്രൗിൽ വച്ച് നടക്കും. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറിയും മാവേലിക്കര സെന്റർ മിനിസ്റ്ററുമായ പാസ്റ്റർ ഫിന്നി ജേക്കബ് ഉദ്ഘാടനം ചെയ്യും. മാനേജിങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോസഫ്, പാസ്റ്റർ കെ ജെ മാത്യു, പാസ്റ്റർ വർഗീസ് ജോഷ്വാ, പാസ്റ്റർ സുരേഷ് ബാബു തുടങ്ങിയവർ പ്രസംഗിക്കും. ശാരോൻ സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും.

## ഫേസ്ബുക്കിൽ ട്രംപിനെതിരെ ഭീഷിണി മുഴക്കിയ ആൾ ജയിലിൽ

ഫ്ളോറിഡ: പ്രസിഡന്റ് ഡോണാൾഡ് ട്രംപിനെ വധിക്കുകയോ അപായപ്പെടുത്തുകയോ ചെയ്യുമെന്ന് ഫെസ്ബുക്കിൽ പോസ്റ്റ് ചെയ്ത ബ്രൊവാർഡിൽ നിന്നുള്ള കെവിൻ കീത്ത ക്രോണിനെ (59) അറസ്റ്റ് ചെയ്ത് ജയിലിലടച്ചതായി ഫെഡറൽ അധികൃതർ അറിയിച്ചു. ഇയാൾക്കെതിരെ നിരവധി കേസുകൾ ബ്രൊവാർഡ് കൗണ്ടിയിൽ നിലവിലുണ്ട്.

യുഎസ് സീക്രട്ട് സർവ്വീസ് ഏജന്റ്സ് നൽകിയ രഹസ്യ സന്ദേശമനുസരിച്ചാണ് ഇയ്യാളെ അറസ്റ്റ് ചെയ്തത്. ഒബാമ എന്റെ പ്രസിഡന്റല്ല, സ്റ്റേറ്റിന്റെ ശത്രുവാണ്. കെവിൻ തന്റെ ഫേസ് ബുക്കിൽ കുറിച്ചിട്ടു. ട്രംപിനെ സംരക്ഷിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമാണെന്നാണ് യുഎസ് സിക്രട്ട് സർവീസ് അറസ്റ്റിന് നൽകിയ വിശദീകരണം.

സ്നൈഫർ റൈഫിൾ പിടിച്ചു നില്ക്കുന്ന ഒരു ചിത്രവും കുറിപ്പിനു മുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ട്രംപിനെ ഭീഷണിപ്പെടുത്തി ഫെയ്സ് ബുക്കിൽ പോസ്റ്റിട്ട കെവിൻ കുറ്റം തെളിയുകയാണെങ്കിൽ 5 വർഷം തടവു ശക്ഷന അനുഭവിക്കേണ്ടി വരും. ഇതിനു പുറമെ 250,000 ഡോളർ ഫൈനും നൽകണം. ഫേസ് ബുക്കിൽ എന്തും എഴുതാം എന്ന് ചിന്തിക്കുന്ന വർക്കുള്ള ഒരു മുന്നറിയിപ്പു കൂടിയാണ് ഈ സംഭംവം

## ആലപ്പുഴ നോർത്ത് കൺവൻഷൻ

ആലപ്പുഴ: അസംബ്ലീസ് ഓഫ് ഗോഡ് ആലപ്പുഴ നോർത്ത് സെക്ഷൻ കൺവൻഷൻ 2017 ജനുവരി 27 മുതൽ 29 വരെ വൈ.എം.സി.എ ഹാളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 8.30 വരയായിരിക്കും യോഗം. പാസ്റ്റർ ആന്റണി ജോസഫ് കൺവൻഷൻ പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്യും. ദൈവദാസന്മാരായ ഡോ.പി.എസ്.ഫിലിപ്പ്, പാസ്റ്റർ തോമസ് ഫിലിപ്പ്, ഡോ. കോശി വൈദ്യൻ എന്നിവർ ദൈവവചനം പ്രസംഗിക്കും. ആലപ്പുഴ ബ്ലസിംഗ് ചോയിസ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ കോശി ജോൺ, ഫാൺ: 9447602131.

പാട്ടിന്റെ വഴി

പാസ്റ്റർ എം. കെ. വർഗ്ഗീസ്

# സർവ്വലോക സൃഷ്ടിതാവേ സർവ്വത്തിനും നാഥാ...

സകല ചരാചര സ്രഷ്ടാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് ആരാധന. മനുഷ്യവാസയോഗ്യമാക്കിത്തർത്ത ഭൂമിയേയും അതിലെ ജീവജാലങ്ങളെയും പ്രകൃതിയുടെ ക്രമീകരണങ്ങളെയും സമുദ്രത്തെയും അതിലെ തിരകളെയും എന്നുവേണ്ട സകലത്തെയും ഉൾക്കൊള്ളിച്ചുകൊണ്ട് മനോഹരമായി പാസ്റ്റർ എം.കെ. വർഗ്ഗീസ് രചിച്ച ഒരു സ്തോത്രഗീതമാണിത്. ഇന്നും നല്ലൊരു ഭാഗം സഭായോഗങ്ങളുടെയും ആരംഭം ഈ ഗാനത്തോടു കൂടിയാണ്. 1893 നവംബർ മാസത്തിൽ ഇടയാറന്മുളയിൽ ജനിച്ചു. സാമുദായിക രക്ഷയിലും ചിട്ടയിലും വളർന്നുവന്നു. മഹാകവി കെ. വി. സൈമൺ അവറുകളുടെ ബൈബിൾ ക്ലാസ്സുകളിലും പതിവായി പങ്കെടുത്തു. വളരെ എതിർപ്പുകൾ അനുഭവിച്ചു. വീട്ടുകാർ അകന്നപ്പോൾ വീണ്ടെടുപ്പുകാരൻ അടുത്തേക്ക് വന്നു. ബ്രദറൻ സഭയുടെ കൂട്ടായ്മയിൽ രക്ഷയിലേക്കും സ്നാനത്തിലേക്കും നടത്തപ്പെട്ടു. വീട്ടുകാർ, സ്വന്തക്കാർ, നാട്ടുകാർ എല്ലാം കൈവിടുകമാത്രമല്ല, ബുഭുക്ഷയോടെ അലറുന്ന സിംഹം പോലെ ആഞ്ഞടുത്തു. യഹൂദ ഗോത്രത്തിലെ സിംഹമായവന്റെ കരങ്ങളിലേൽപ്പിച്ച് പ്രാർത്ഥിച്ച് ഒരു തീരുമാനം എടുത്ത് വീടുവിട്ടു.

ജന്മദേശമായ ഇടയാറന്മുളയിൽ നിന്നും കുമ്പനാട്ട് വന്നു വാസം ഉറപ്പിച്ചു. കെ.ഇ. എബ്രഹാം അവറുകളുമായി സൗഹൃദബന്ധം പുലർത്തുകയും അദ്ദേഹം പെന്തെക്കോസ്ത് സത്യങ്ങളിലേയ്ക്കും അനുഭവങ്ങളിലേക്കും നടത്തപ്പെട്ടു. ശക്തമായ ആത്മപ്രവാഹത്തിന്റെയും ദൃശ്യമായ അത്ഭുതപ്രവർത്തികളുടെയും ആ നാളുകൾ കർത്താവിനായി വളരെ അദ്ധ്വാനിച്ച യുവാക്കളിൽ ഒട്ടും അപ്രധാനസ്ഥാനത്തല്ലായിരുന്നു എ.കെ. വർഗ്ഗീസ്. ഊർജ്ജസ്വലമായ ആത്മഭാരമുള്ള യുവാക്കളെ വേദപുസ്തകം പഠിപ്പിക്കുവാൻ മുളക്കുഴ സീയോൻ കുന്നിൽ 1927–ൽ ആരംഭിച്ച ബൈബിൾ സ്കൂളിൽ ആദ്യത്തെ ബാച്ചിൽ പഠിക്കുവാൻ ഇടയായി.

ദൈവകരങ്ങളിൽ അത്ഭുതകരമായി ഉപയോഗിച്ചുകൊണ്ടിരുന്ന മിഷനറി കുക്കു സായിപ്പിനോടു കൂടെ അനേക സ്ഥലങ്ങളിൽ സുവിശേഷ ദൂത് നൽകുവാൻ എം.കെ. വർഗീസിനെയും ദൈവം ഉപയോഗിച്ചു. ധാരാളം സഭകൾ ഈ പ്രവർത്തനങ്ങൾ മുഖാന്തരം ഉണ്ടായിട്ടുണ്ട്. പ്രഗത്ഭനായ സുവിശേഷകൻ എന്നു മാത്രമല്ല ഒരു നല്ല ഗാനരചയിതാവുകൂടിയായിരുന്നു എ.കെ. വർഗ്ഗീസ്. സ്രഷ്ടാവും സൃഷ്ടിയും സൃഷ്ടിയായ മനുഷ്യനോടുള്ള സ്നേഹത്തേയും ജയോത്സവമായി തന്റെ ജനത്തെ നടത്തുന്ന കൃപകളെയും പോയപോലെ വീണ്ടും വരുന്ന കർത്താവിന്റെ രണ്ടാംവരവിനേയും ദൈവസഭയുടെ ആത്മീയ ഉറക്കത്തെയും ഒക്കെ ധ്യാനിച്ച് എഴുതിയ ഗാനങ്ങളാണ് അധികവും. 'കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായി തീർന്നു...' എന്ന ആരാധനാഗീതം ആലപിക്കുന്തോറും ഈ ലോകസുഖങ്ങളെ തള്ളി ആ ഭാഗ്യദേശത്തേയ്ക്ക് ചെല്ലുവാൻ ആശ വർദ്ധിക്കാത്തത് ആർക്കാണ്? 'ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും' ആരാധനാസമയങ്ങളിലും സ്നാനത്തിനായി ദൈവ ജനം പോകുമ്പോഴും സാധാരണ പാടി സന്തോഷിക്കുമ്പോൾ ശത്രുവായ സാത്താനോടുള്ള വെല്ലുവിളി അതിൽ അടങ്ങിയിരിക്കുന്നു. മാത്രമല്ല, മിസ്രയിമീലെ അടിമത്വത്തിൽ നിന്ന് വിടുവിച്ച് അവരുടെ മുമ്പിൽ നടന്നവർ ജയത്തോടെ ഇന്നും തന്റെ ജനത്തെ നടത്തും എന്ന പരസ്യ പ്രഖ്യാപനവും അതിലുണ്ടല്ലോ! 'കർത്താവു താൻ ഗംഭീരനാദത്തോടും'

ഏതൊരു വിശ്വാസിയുടെയും ഏക പ്രത്യാശയും ലോകത്തിലെ സകലസ്ഥലങ്ങളിലും ഒരുപോലെ സംഭവിക്കുന്നതുമായ വിഷയമാണ് ഈ ഗാനത്തിൽ. വേർപെട്ടുപോയവരെക്കുറിച്ചു ദുഃഖിക്കേണ്ട, അവർ ഉയിർത്തുവാനിൽ ചേരുന്ന സമയമുണ്ട് എന്നു അന്നു പാടിയ താനും ഇന്ന് ആ കാഹളനാദത്തിന്റെ ധ്വനിക്കായി മണ്ണിലുറങ്ങുന്നു. 'സീയോനെ ഉണർന്നെഴുന്നേൽക്കുക' 'ഒരു നാഴിക ഉണർന്നിരിപ്പാൻ കഴിഞ്ഞില്ലയോ' എന്ന് അരുമ ശിഷ്യനോട് ഗുരു ചോദിച്ചതുപോലെ ആത്മഭാരം കുറഞ്ഞ്, ആത്മീയമായി ഉറക്കം തുടങ്ങുന്ന ദൈവജനത്തിന്റെ അവസ്ഥയെ കണ്ടുകൊണ്ട് ആത്മാവിൽ ഈ ഗാനവും രചിച്ചു. പകൽ കഴിയാറായി രാത്രി അടുത്തു. പകലുള്ളിടത്തോളം അയച്ചവന്റെ വേല ചെയ്യാം എന്ന സുവിശേഷ ധ്വനി ഈ ഗാനത്തിൽ മുഴങ്ങുന്നു. മറ്റ് ചില ഗാനങ്ങൾ കൂടി രചിച്ചിട്ടുള്ള കർത്തൃദാസൻ 1971 ഒക്ടോബർ 20–ന് വേല തികച്ച് വീട്ടിലേയ്ക്ക് പോയി.

LANDWAY HEALTH TIPS

ഈ രോഗത്തിന് കാരണം ഇപ്പോഴുള്ള ജീവിത രീതികളും അമിതമായ വിഷം നിറഞ്ഞ ഭക്ഷണപദാർത്ഥങ്ങളുമാണ്. പ്രത്യേകിച്ചും ചില ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കിയാൽ ഈ മാരക രോഗത്തിൽ നിന്നും രക്ഷ നേടാൻ കഴിയും. എളുപ്പത്തിൽ ഉണ്ടാക്കിയെടുക്കുന്ന ചില ഭക്ഷണപദാർത്ഥങ്ങൾ നാശം വിതയ്ക്കുന്നതാണ് എന്ന് പറയാതെ വയ്യ. അതിൽ ചിലത് താഴെ കൊടുക്കുന്നു.



# ക്യാൻസറിനെ സൂക്ഷിക്കുക

***1. പോപ്പ്കോൺ:*** കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇഷ്ടപ്പെടുന്ന സാധനമാണ് പോപ്പ്കോൺ. ഈ ഭക്ഷണം ശ്വാസകോശത്തിന്റെ തടസ്സവും അർബുദത്തിനും വഴി തെളിയുമെന്ന് പറയപ്പെടുന്നു.

2. പഴങ്ങൾ: പഴം ശരീരത്തിന് നല്ലത് തന്നെ. പക്ഷേ വിഷപദാർത്ഥങ്ങൾ ചേർത്ത പഴങ്ങൾ ആരോഗ്യ ത്തിന് ദോഷം ചെയ്യുന്നു. അമിത കീടനാശിനി പ്രയോഗം ഉദര ക്യാൻസറിന് വഴിതെളിക്കുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

***3. പച്ചക്കറികൾ:*** വീട്ടിൽ ഉണക്കുന്ന പച്ചക്കറികളാണ് അത്യുത്തമം. അവ വലിപ്പത്തിലും ഭംഗിയിലും മോശമായിട്ടായിരിക്കും കാണുന്നതെങ്കിലും വിഷപദാർത്ഥത്തിന്റെ ഉപയോഗം കുറവുള്ളതിനാൽ രോഗം വരാൻ സാധ്യത കുറവായിരിക്കും.

***4. തക്കാളി സോസ്:*** സോസ് ഇല്ലാതെ ഭക്ഷണം കഴിക്കാൻ പറ്റുകയില്ലായെന്ന അവസ്ഥയിലാണ് മിക്കപേരും. ദയവായി ഇത് പൂർണ്ണമായി ഒഴിവാക്കിയാൽ ഉദരത്തിൽ വരാവുന്ന കുടൽ രോഗം പരിഹ രിക്കാൻ കഴിയും.

***5. ഇറച്ചി:*** പലതരത്തിലുള്ള ഇറച്ചികൾ നാം 'പ്രോസൻ' എന്ന നിലയിൽ വാങ്ങാറുണ്ട്. ഇവയുടെ കാലാവധി എത്രവർഷമെന്ന് നാം അറിയുന്നില്ല. അതിൽ എഴുതി ഒട്ടിച്ച പേപ്പറിൽ പറഞ്ഞിരിക്കുന്ന തിനെ ആശ്രയിക്കരുത്. ഈ വക ഇറച്ചികൾ കരൾ ലിവർ രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

***6. ചിപ്സ്:*** ഉരുളക്കിഴങ്ങിന്റെ ചിപ്സ് വളരെ ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ പ്രശ്നമാകും. ചില സ്ഥലങ്ങളിൽ ഏത്തക്ക ചിപ്സ് ഉണ്ടാക്കുമ്പോൾ എണ്ണയ്ക്കകത്ത് പ്ലാസ്റ്റിക് പേപ്പർ ഇടുന്നതായി വ്യാപക പരാതികൾ ഉയർന്നിട്ടുണ്ട്. ഇത് കുടലിൽ ഒട്ടിപ്പിടിച്ചു ക്യാൻസർ രോഗത്തിന് കാരണമാകാറുണ്ട്.

***7. അച്ചാർ:*** വാങ്ങികഴിക്കുന്ന അച്ചാർ കുടൽപുണ്ണിന് സാധ്യതയേറെയാണ്.

***8. ശുദ്ധീകരിച്ച പഞ്ചസാര:*** ഇതിലുള്ള ഫ്രക്ടോസ് ക്യാൻസറിന് മൂലകാരണമാകുന്നുണ്ട്.

***9. ഡയറ്റ്:*** ആഹാര ക്രമീകരണത്തെയാണ് ഡയറ്റ് എന്ന് പറയുന്നത്. പക്ഷേ അമിതമായാൽ ഡയറ്റ് ക്യാൻസർ രോഗമുണ്ടാക്കും എന്നതിൽ സംശയമില്ല. ഡയറ്റ് എന്ന വില്ലൻ കുടലിനെ ചെറുതാക്കും. അത് പിന്നെ രോഗത്തിലേക്ക് നയിക്കപ്പെടും.

***10. സോഫ്റ്റ് ഡ്രിംഗ്സ്:*** എല്ലാതരത്തിലും ഇവ ദോഷം മാത്രമേ പ്രധാനം ചെയ്യുകയുള്ളു. വയറിനകത്തുള്ള എല്ലാ അവയവങ്ങളെയും തീ വെച്ച് കരിച്ചുകളയുന്നതുപോലെ ഇവ ദോഷം വിത ക്കാറുണ്ട്. ഒപ്പം ക്യാൻസർ പരത്താറുമുണ്ട്.

***11. മദ്യം:*** ഇവ ശരീരത്തിൽ മാത്രമല്ല നാട്ടിലും വീട്ടിലും പ്രശ്നകാരിയാണ് എന്നു പറയുന്നതിൽ തെറ്റില്ല. മദ്യപിച്ചാൽ പലർക്കും ഭക്ഷണം വേണ്ടാ എന്ന നിലയിൽ ആകുന്നതിനാൽ കുടലും ആമാശയവുമെല്ലാം ഒട്ടിപ്പിടിച്ചു ക്യാൻസർ രോഗമുണ്ടാകാൻ സാധ്യതയേറെയാണ്.

# വിവാഹസഹായം

ഐ.പി.സി എലീം മുള്ളരിങ്ങാട് സഭാ മെമ്പർ ജോൺസൺ സമർപ്പിക്കുന്ന അപേക്ഷ, ഞാനും എന്റെ കുടുംബവും 23 വർഷമായി വിശ്വാസത്തിൽ വന്ന് ഐ.പി.സി സഭയോടു ചേർന്ന് ദൈവത്തെ ആരാധിക്കുന്നു. എന്റെ രണ്ടാമത്തെ മകൾ സോഫിയക്ക് ഒരു വിവാഹാലോചന വരികയും ഉറപ്പിക്കുകയും ചെയ്തു. ഇടുക്കി ജില്ലയിൽ കട്ടപ്പന പുറ്റടിയിൽ ജോബിൻ ജോർജ്ജുമായി 2017 ഫെബ്രുവരി 13 തിങ്കൾ വിവാഹം നടത്തുവാൻ ഉറപ്പിച്ചിരിക്കുന്നു. എനിക്ക് കൂലിപ്പണിയാണ്. ഡയബറ്റിക്സ് നന്നായിട്ടുണ്ട്. മൂത്ത മകൾ വിവാഹം കഴിഞ്ഞ് വിശ്വാസജീവിതത്തിലാണ്. ഇളയമകൻ വില്ല്യംസ് +2 കഴിഞ്ഞ് പഠിക്കുവാൻ സാധിച്ചില്ല. ഇപ്പോൾ സുവിശേഷപ്രവർത്തനത്തിൽ സഹകരിക്കുന്നു. ദയവായി എന്റെ മകൾക്ക് ഒരു സഹായം ചെയ്തു തരുവാൻ അപേക്ഷിക്കുന്നു. പ്രാർത്ഥനയോടും വിശ്വസ്തതയോടും കൂടി:

**Johnson Paulose, Puramattathil House, Mullaringadu P.O.,**
**Mullaringadu, Idukki (District), Pin: 685 606,**
**Phone: +91 9947669514**

# ഐ.പി.സി.കേരളാ സ്റ്റേറ്റ് കൺവൻഷന് സമാപ്തി



പെരുമ്പാവൂർ: ഐ.പി.സി കേരളാ സ്റ്റേറ്റ് കൺവൻഷൻ വിവിധ ഒരുക്കത്തോടുകൂടി നടത്തുവാൻ ദൈവം കൃപ നൽകി. 2016 ഡിസംബർ പതിനൊന്നാം തീയതി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ഷിബു നെടുവേലി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ദൈവദാസന്മാരായ സി.സി. എബ്രഹാം, രാജു പൂവക്കാല, കെ.എം. ജോസഫ്, രവി മണി എന്നിവർ ദൈവവചനം പ്രസംഗിച്ചു. രാത്രി യോഗങ്ങളിൽ ദൈവദാസന്മാരായ കെ.സി. ജോൺ, വർഗീസ് എബ്രഹാം, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ എന്നിവരും ദൈവവചനത്തിൽ നിന്നും ശുശ്രൂഷിച്ചു.

പുതിയതായി രൂപീകരിച്ച ചർച്ച് പ്ലാനിംഗ് ബോർഡിന്റെ ഉത്ഘാടനവും ആദ്യഗഡുവിതരണവും നടക്കുകയുണ്ടായി. പാസ്റ്റർ ഷിബു നെടുവേലി, മോനി കരിക്കം, ജോയി താനുവേലി എന്നിവർ വിവിധ പദ്ധതികളെക്കുറിച്ച് പറയുകയും എറണാകുളം ജില്ലയിലെ സഭാപ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്ന മുതിർന്ന ദൈവദാസന്മാരായ കെ.സി. മാത്യൂസ്, എം.റ്റി. തോമസ്, തോമസ് വടക്കേക്കൂറ്റ് എന്നിവരെ പാസ്റ്റർ കെ.സി. തോമസ് പ്രശംസാഫലകങ്ങൾ നൽകി മാനിച്ചു. സാം കൊണ്ടാഴി മീഡിയാ കൺവീനറായി പ്രവർത്തിച്ചു.

# LANDWAY NEWS

Bringing You Closer to God
LANDWAY

PUBLISHED FROM PATHANAMTHITTA
VOLUME NO. 3, ISSUE NO.1 | PAGES 8 | PRICE: RS. 10/-

10 JANUARY 2017

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502; Phone: +91-9447440441, Email: landwaynews@gmail.com WWW.LANDWAYNEWS.COM

RNI-KERBIL/2015/62054. Postal Registration No. KL/PTA/93/2015 - 2017. WPP License Number: KL/PTA/WPP/217/2015 - 2017. Posted at RMS, Thiruvalla, Posting Date: on 10/01/2017


## ആഭരണധാരികൾക്ക് അംഗത്വം നൽകരുത്: കെ. സി. തോമസ്

ഇൻഡ്യ പെന്തക്കോസ്ത് ദൈവസഭയുടെ ലോക്കൽ സഭകളിൽ ആഭരണധാരികൾക്ക് അംഗത്വം നൽകുകയോ കർതൃമേശ കൊടുക്കുകയോ ചെയ്യരുതെന്ന് സഭയുടെ സംസ്ഥാന പാസ്റ്റർ കെ.സി. തോമസ് പറഞ്ഞു. മധ്യമേഖലയിലുള്ള ശുശ്രൂഷകന്മാരുടെ സമ്മേളനത്തിലാണ് ഇക്കാര്യം പ്രസ്താവിച്ചത്. വിശുദ്ധ ജീവിതത്തിന് പ്രാധാന്യം നൽകാത്തവർക്ക് അംഗത്വം നൽകി അംഗസംഖ്യ കൂട്ടുവാനും ദൈവദാസന്മാർ ശ്രമിക്കരുതെന്നും പറഞ്ഞു. ദൈവസഭകൾ പൊതുവേ ആത്മീയ ശോഷണം നേരിടുന്ന ഈ കാലഘട്ടത്തിൽ ഐ.പി.സി. സഭ വ്യക്തമായ ഒരു നിലപാട് എടുത്തിരിക്കുന്നതിൽ സഭയുടെ നല്ല ഭാവി ആഗ്രഹിക്കുന്ന കർതൃദാസന്മാരും വിശ്വാസികളും സന്തോഷത്തിലാണ്.

## ചാട്ടവാറടി കാത്തിരിക്കുന്നു

റിയാദ്: സൗദി അറേബ്യയിൽ നിയമം അനുസരിച്ച് സ്ത്രീകൾ ഹിജാബ് ധരിക്കാതെ പുറത്തിറങ്ങാൻ പാടില്ല. റിയാദിലെ തെരുവിൽ സൗദി പെൺകുട്ടി മലക് അൽ ഷെഹ്റി ഫോട്ടോ എടുത്ത് ഫെയ്സ് ബുക്കിൽ ഇട്ടത് മതനിയമം ലംഘിച്ചതായതിനാൽ പെൺകുട്ടി പോലീസിൽ പിടിയിലായി. ഇപ്പോൾ ജയിലിൽ കഴിയുന്ന പെൺകുട്ടിക്ക് വധഭീഷണിയും വന്നുകൊണ്ടിരിക്കുന്നു. എങ്കിലും ഇസ്ലാമിക നിമയത്തിനെതിരെ പ്രവർത്തിച്ചതിനാൽ ചാട്ടവാറടി ഉറപ്പായും ഉണ്ടാകുമെന്ന് പറയപ്പെടുന്നു.

## വെബ് സെർവെർ ഹാക്ക് ചെയ്യപ്പെട്ടു

ചെന്നൈ: അപ്പോളോ ആശുപത്രിയുടെ വെബ് സെർവ്വർ ഹാക്ക് ചെയ്യപ്പെട്ടു. തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയെ ചികിത്സിച്ച ചെന്നൈയിലെ അപ്പോളോ ആശുപത്രിയുടെ വെബ് സെർവർ ഹാക്ക് ചെയ്യപ്പെട്ടു എന്ന അവകാശവുമായി ഹാക്കർ ഗ്രൂപ്പായ ലീജിയാൻ രംഗത്തു വന്നു. അമേരിക്കൻ മാധ്യമമായ വാഷിംഗ്ടൺ പോസ്റ്റിന് മെസഞ്ചർ മുഖേന നൽകിയ അഭിമുഖത്തിലാണ് ലീജിയൻ ഗ്രൂപ്പ് ഇത്തരമൊരു വെളിപ്പെടുത്തൽ നടത്തിയത്. 2016 സെപ്റ്റംബർ 22 മുതലാണ് ജയലളിതയെ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പനിയും നിർജ്ജലീകരണവും കാരണമാണ് ജയലളിതയെ അപ്പോളോയിൽ പ്രവേശിപ്പിച്ചത്. അന്ന് മുതലുള്ള ജയലളിതയെ സംബന്ധിച്ച വിവരങ്ങൾ അപ്പോളോ ആശുപത്രിയിലുള്ളവർ രഹസ്യമാക്കി വെച്ചിരിക്കുകയാ യിരുന്നു. ഇന്ത്യയിൽ കലാപമുണ്ടാക്കാൻ വിവരങ്ങളാണ് തങ്ങൾ ചോർത്തിയത്. എങ്കിലും വിവരങ്ങൾ പുറത്തുവിടുക തന്നെ ചെയ്യും എന്നും ഹാക്കർ ഗ്രൂപ്പായ ലീജിയാൻ മുന്നറിയിപ്പ് നൽകുന്നു.









### ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

### ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India


Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.